പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1397 30.01.2018-ലെ മറുപടിക്ക്

## 'റബ്ബർ തോട്ടങ്ങളിൽ വീട് വയ്ക്കുന്നതിന് അനുമതി'

ചോദ്യം

ശ്രീ. പി.സി.ജോർജ്

മറുപടി

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോട്ടയം, കാഞ്ഞിരപ്പള്ളി താലൂക്ക് ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ മേഖലകളിൽ ചെറുകിട കർഷകർ വാങ്ങിയ ചെറിയ റബ്ബർ തോട്ടങ്ങളിലെ 5 സെന്റും, 10 സെന്റും ഭൂമികളിൽ പോലും സ്വന്തമായി വീട് വയ്ക്കുവാൻ വില്ലേജിലെ ബി.ടി.ആർ (Basic Tax Register)-ൽ തോട്ടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതു മൂലം സാധിക്കാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) യും (ബി) യും (സി) യും | കോട്ടയം ജില്ലയിൽ കേരള ഭൂപരിഷ്കരണ നിയമത്തിന്റെ അന്ത:സത്തയെ പരാജയപ്പെടുത്തുന്ന തരത്തിൽ തോട്ടം മേഖലയിൽ റിയൽ എസ്റ്റേറ്റ് മാഫിയകൾ മറ്റും വൻകിട തോട്ടങ്ങൾ ചെറു ഖണ്ഡങ്ങളാക്കി മുറിച്ചു വിൽക്കുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ പൊതുജനങ്ങൾ കബളിപ്പിക്കപ്പെടുവാനുള്ള സാദ്ധ്യത നില നിൽക്കുന്നു. ആയതിനാൽ തോട്ടം ഇനത്തിൽപ്പെടുന്ന ഭൂമി കേരള ഭൂപരിഷ്കരണ നിയമം, 1963 പ്രകാരം ഏതെങ്കിലും മിച്ചഭൂമി കേസിൽ ഉൾപ്പെട്ട് സെക്ഷൻ 81(1) പ്രകാരം ഇളവനുവദിക്കപ്പെട്ടതാണോ എന്ന് വ്യക്തമായ പരിശോധന നടത്തി തിട്ടപ്പെടുത്തേണ്ടതുണ്ട്. അപ്രകാരം ഇളവ് ലഭിച്ച തോട്ടഭൂമി ഇളവനുവദിച്ച ഇനത്തിലല്ലാതെ തരം മാറ്റം വരുത്തുകയാണെങ്കിൽ അത് ആരുടെ കൈവശത്തിലാണെങ്കിലും എത്ര കാലപ്പഴക്കമുണ്ടെങ്കിലും കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 87 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഭൂമിയാണ്. അത്തരത്തിൽ അല്ലാത്ത തോട്ടം ഇനത്തിൽ ഉൾപ്പെട്ട ഭൂമി റീ സർവ്വെ നടപടികൾ കാരണം റവന്യൂ റിക്കാർഡുകളിൽ തെറ്റായി രേഖപ്പെടുത്തിയതാണോ എന്ന് പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇങ്ങനെയുള്ള തോട്ടങ്ങളിൽ കിടപ്പാടം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്ന ജനങ്ങളുടെ 5, 10 സെന്റ് സ്ഥലങ്ങളിൽ വീട് വെയ്ക്കാനായി അനുമതി നൽകുംവിധം പുതിയ ഉത്തരവ് പുറപ്പെടുവിച്ച് പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (സി) | ഇതു സംബന്ധിച്ച് സർക്കാരിന് മുമ്പ് പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ